# പതിനാലാം കേരള നിയമസഭ

## പതിനാലാംസമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2496** **07/02/2019-ൽ മറുപടിയ്ക്ക്**

### സഹകരണ സ്ഥാപനങ്ങൾ മുഖേന സ്മാർട്ട് ക്ലാസ് മുറികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | മികച്ച നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സർക്കാർ/ എയിഡഡ് സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ് റൂം നിർമ്മിച്ച് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സഹകരണ വകുപ്പ് മുഖാന്തിരം ഒരു നിയോജക മണ്ഡലത്തിൽ ഒരു യു.പി സ്കൂൾ വീതം 140 നിയോജക മണ്ഡലങ്ങളിലായി 140 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം പദ്ധതിയുടെ ഭാഗമായി ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ, ജില്ലയിലെ ഓരോ നിയോജക മണ്ഡലത്തിലേയും എം.എൽ.എ മാർ ലഭ്യമാക്കുന്ന ലിസ്റ്റും, നടപ്പാക്കുവാൻ സന്നദ്ധരായ സംഘങ്ങളുടെ ലിസ്റ്റും, തയ്യാറാക്കിയിരുന്നു.<br>എന്നാൽ പൊതു വിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിൽ സംസ്ഥാനത്തെ എൽ.പി/യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിച്ച് നൽകുന്നതിന് പദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖാന്തിരം സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ച് നൽകുന്ന പദ്ധതി തൽക്കാലം തുടരേണ്ടതില്ല എന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ സഹകരണ സംഘങ്ങൾ പൊതുയോഗ തീരുമാനപ്രകാരം തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ച് നൽകുന്നുണ്ട്. ഈ രീതി തുടരാവുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | ഓരോ സഹകരണ സ്ഥാപനത്തിനും ഈ പദ്ധതി പ്രകാരം എത്ര തുക ചെലവഴിക്കുന്നതിനാണ് അനുമതി നൽകിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) | ഈ പദ്ധതി പ്രകാരം തുക ചെലവഴിക്കുന്നത് സംബന്ധിച്ച് പ്രത്യേക നിർദ്ദേശങ്ങൾ ഒന്നും തന്നെ നൽകിയിരുന്നില്ല. പദ്ധതി നടപ്പിലാക്കുന്നത് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചാണ്, ടി വകുപ്പിന്റെ നിർദ്ദേശപ്രകാരമുള്ള തുകയാണ് അനുവദിക്കുന്നത്. |
| (സി) | എതെല്ലാം വിഭാഗത്തിൽപ്പെടുന്ന സഹകരണ ബാങ്കുകൾക്കാണ് ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | ജില്ലയിലെ സാമ്പത്തിക ഭദ്രതയുള്ളതും ലാഭത്തിൽ പ്രവർത്തിക്കുന്നതുമായ സഹകരണ സംഘങ്ങൾക്കാണ് ടി പദ്ധതി നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളത്. |
| (ഡി) | ഈ പദ്ധതി പ്രകാരം കരുനാഗപ്പള്ളി മണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകൾക്ക് ഏതെല്ലാം ബാങ്കുകൾ സ്മാർട്ട് ക്ലാസ് റൂം നിർമ്മിച്ച് നൽകിയെന്ന് അറിയിക്കുമോ? | (ഡി) | പുതിയകാവ് സർവ്വീസ് സഹകരണ ബാങ്കിന്റെ സഹായത്തോടു കൂടി പുന്നക്കുളം എസ്.എൻ.റ്റി.വി സംസ്കൃതി യു.പി.എസ്.ന് സ്മാർട്ട് ക്ലാസ് റൂം നിർമ്മിച്ച് നൽകിയിട്ടുണ്ട്. കൂടാതെ, വവ്വാക്കാവ് എൽ.പി.എസിന്റെ പേര് സ്മാർട്ട് ക്ലാസ് റൂമിന് വേണ്ടി ബഹുമാനപ്പെട്ട എം.എൽ.എ യുടെ ശുപാർശ പ്രകാരം വിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**